## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1776          17.12.2012-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുടെ യോഗം**

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ വിളിച്ചുചേർത്ത സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുടെ കഴിഞ്ഞ യോഗത്തിൽ ചർച്ച ചെയ്ത പ്രധാന പ്രശ്നങ്ങൾ ഏതെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ; | (എ) റെയിൽവെ സംബന്ധിച്ച കാര്യങ്ങൾ, വിദ്യാഭ്യാസ വായ്പ വിതരണത്തിലെ തടസ്സങ്ങൾ, എയർ ഇൻഡ്യ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, ടൂറിസം, ചാലയിലെ ടാങ്കർ ലോറി അപകട നഷ്ടപരിഹാരം, വന്യജീവി ആക്രമണങ്ങൾ, കൊപ്ര സംഭരണം/പച്ചത്തേങ്ങ സംഭരണം, മലയാളത്തിന് ക്ലാസിക്കൽ പദവി, വൈദ്യുതി സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും പാർലമെന്റംഗങ്ങളുടെ കഴിഞ്ഞ യോഗത്തിൽ ചർച്ച ചെയ്തത്. |
| (ബി) | ചർച്ച ചെയ്ത വിഷയങ്ങളിൽ ഏതെല്ലാം ധാരണയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) വിദ്യാഭ്യാസ വായ്പയുടെ വിതരണം സംബന്ധിച്ച കാര്യങ്ങളിൽ ധാരണയായിട്ടുണ്ട്. മറ്റ് പല വിഷയങ്ങളിലും തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർലമെന്റിൽ എം.പി. മാർ ഉന്നയിക്കേണ്ട സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങളിന്മേലും ധാരണയായിട്ടുണ്ട്. |
| (സി) | ധാരണയായിട്ടുള്ളതോ തീരുമാനത്തിലെത്തിയിട്ടുള്ളതോ ആയ ഓരോ വിഷയത്തിന്റെയും തുടർ നടപടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (സി) വകുപ്പ് സെക്രട്ടറിമാരും വകുപ്പ് അദ്ധ്യക്ഷന്മാരും യോഗത്തിൽ പങ്കെടുത്തിരുന്നതിനാൽ തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കും. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് തുടർനടപടി സ്വീകരിക്കാൻ എല്ലാ വകുപ്പു സെക്രട്ടറിമാർക്കും വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ഓരോ ഇനത്തിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് വകുപ്പുകളിൽ നിന്ന് ശേഖരിക്കുകയും ആയത് അടുത്ത കോൺഫറൻസിൽ എം.പി. മാർക്ക് ലഭ്യമാക്കുകയും ചെയ്യും. |

| | | |
|---|---|---|
| (ഡി) | യോഗത്തിൽ സംബന്ധിച്ചവരുടെ പേരുവിവരം ലഭ്യമാക്കുമോ ? | (ഡി) മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, കേന്ദ്ര മന്ത്രി ശ്രീ. ഇ. അഹമ്മദ്, മന്ത്രിമാരായ സർവ്വശ്രീ പി.കെ അബ്ദുറബ്ബ്, (വിദ്യാഭ്യാസ വകുപ്പു മന്ത്രി) എ.പി. അനിൽ കുമാർ, (പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി), ആര്യാടൻ മുഹമ്മദ്, (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി), കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും വകുപ്പു മന്ത്രി), പി.ജെ. ജോസഫ്, (ജലവിഭവ വകുപ്പു മന്ത്രി), പി.കെ. കുഞ്ഞാലിക്കുട്ടി, (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി), കെ.എം. മാണി, (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി), കെ.പി. മോഹനൻ, (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും വകുപ്പു മന്ത്രി), ഡോ. എം.കെ. മുനീർ, (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി), വി.എസ്.ശിവകുമാർ, (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) എന്നിവരും എം.പി. മാരായ സർവ്വശ്രീ. എം.പി. അച്ചുതൻ, ആന്റോ ആന്റണി, കെ.എൻ. ബാലഗോപാൽ, പി.കെ. ബിജു, ഡോ. ചാൾസ് ഡയസ്, കെ.പി. ധനപാലൻ, ജോസ് കെ. മാണി, ജോയി എബ്രഹാം, പി. കരുണാകരൻ, ഇ.ടി. മുഹമ്മദ് ബഷീർ, സി.പി. നാരായണൻ, എൻ. പീതാംബര കുറുപ്പ്, എം.കെ. രാഘവൻ, പി. രാജീവ്, എം.ബി. രാജേഷ്, അഡ്വ. എ. സമ്പത്ത്, എം.ഐ. ഷാനവാസ്, കെ. സുധാകരൻ, പി.ടി. തോമസ് എന്നിവരും ചീഫ് സെക്രട്ടറി ശ്രീ. ജോസ് സിറിയക്, വകുപ്പു സെക്രട്ടറിമാർ, വകുപ്പ് തലവന്മാർ, ബാങ്ക് പ്രതിനിധികൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു. |

**സെക്ഷൻ ഓഫീസർ**